പുതിയ സഹസ്രാബ്ദത്തെ വരവേൽക്കുവാനായി പരിപാടികൾ

17(920) ശ്രീ. വർഗ്ഗീസ് വൈദ്യർ : താഴെ കാണുന്ന ചോദ്യത്തിന് പിന്നോക്ക-പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പുതിയ സഹസ്രാബ്ദത്തെ വരവേൽക്കുവാനായി യുവജനക്ഷേമ വകുപ്പ് എന്തെങ്കിലും പരിപാടികൾ ആവിഷ്കരിച്ചിട്ടുണ്ടോ ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

ഉത്തരം

ഉണ്ട്. പുതിയ സഹസ്രാബ്ദത്തെ വരവേൽക്കാൻ സംസ്ഥാനയുവജന ക്ഷേമ ബോർഡും വനം വകുപ്പും സംയുക്തമായി സംസ്ഥാനത്തുടനീളം വൃക്ഷത്തൈ നടീലിന് തുടക്കം കുറിച്ചിട്ടുണ്ട്. "യൂത്ത് ഫോർ എൺവയർമെന്റൽ പീസ്" എന്ന നാമധേയത്തിൽ അറിയപ്പെടുന്ന ഈ പരിപാടിയുടെ ഔപചാരികമായ ഉദ്ഘാടനകർമ്മം 2000-മാണ്ട് ജനുവരി മാസം 12-ാം തീയതി ബഹുമാനപ്പെട്ട മുഖ്യമന്ത്രി സെക്രട്ടറിയേറ്റ് പരിസരത്ത് വച്ച് നടത്തുകയുണ്ടായി. ഇതേ ദിവസം തന്നെ പതിനാലു ജില്ലകളിലും അതാത് ജില്ലാ കളക്ടർമാരുടെയും ജില്ലാ പഞ്ചായത്തു പ്രസിഡന്റുമാരുടെയും സാന്നിദ്ധ്യത്തിൽ ഇതിന്റെ ഉദ്ഘാടനകർമ്മം നടത്തുകയുണ്ടായി. സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ കീഴിൽ പ്രവർത്തിക്കുന്ന ദേവികുളത്തെ ദേശീയ സാഹസിക അക്കാഡമി പന്തളത്ത് ചേരിക്കൽ എന്ന സ്ഥലത്ത് വച്ച് 2000 ഫെബ്രുവരി - 15 മുതൽ 22 വരെ തെരഞ്ഞെടുക്കപ്പെട്ട 21 യുവാക്കൾക്ക് വൈമാനിക സാഹസിക പരിശീലനം നൽകി. അഭ്യസ്തവിദ്യരും സാമ്പത്തികമായി താഴേക്കിടയിൽ നിൽക്കുന്നവരുമായ യുവാക്കൾക്ക് കമ്പ്യൂട്ടർ പരിശീലനം നൽകുവാനുള്ള ഒരു പദ്ധതിയും നടപ്പാക്കാനുദ്ദേശിക്കുന്നു.

സംസ്ഥാന യുവജനക്ഷേമ ബോർഡ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന യുവജനക്ഷേമ പരിപാടികളെക്കുറിച്ച് യഥാസമയം വിവരം ലഭിക്കുന്നതിനായി ഇൻഫർമേഷൻ സെന്ററുകൾ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നു. ബോർഡിന്റെ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിന്റെ ഭാഗമായി 14 ജില്ലകളിലും യൂത്ത് സെന്ററും സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തൊഴിലില്ലായ്മയിൽ നിന്നും യുവജനങ്ങളെ രക്ഷിക്കുന്നതിനായി മറ്റുവകുപ്പുകളുമായി സഹകരിച്ച് സ്പെഷ്യൽ എമ്പവർമെന്റ് സ്കീം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ബോർഡ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതുമായ ക്ഷേമ പ്രവർത്തനങ്ങളെ കുറിച്ച് യുവജനങ്ങൾക്ക് വേണ്ട വിവരം ലഭിക്കുന്നതിനും കലാവാസനകളെ പരിപോഷിപ്പിക്കുന്നതിനുമായി "യുവകേരളം" എന്ന മാസിക പ്രസിദ്ധീകരിക്കാൻ ഉദ്ദേശിക്കുന്നു.

ശുദ്ധജലവിതരണ പദ്ധതിക്ക് വിദേശസഹായം

18(921) ശ്രീ. ടി. എം. ജേക്കബ് :
ശ്രീ. ജോണി നെല്ലൂർ :
ശ്രീ. ആർ. ബാലകൃഷ്ണപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഏറ്റെടുത്ത ഏതെങ്കിലും ശുദ്ധജലവിതരണ പദ്ധതിക്ക് വേൾഡ് ബാങ്കിന്റെയോ വിദേശസർക്കാരുകളുടേയോ വിദേശ ഏജൻസികളുടേയോ സഹായം ലഭിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

(ബി) കേരള വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള ഏതെല്ലാം പദ്ധതികൾക്ക് വേൾഡ് ബാങ്ക്, വിദേശ സർക്കാരുകൾ, വിദേശ ഏജൻസികൾ എന്നിവയുടെ സഹായം ലഭിച്ചിട്ടുണ്ട് ;

(സി) ഏതെല്ലാം പദ്ധതികൾക്ക് എത്ര കോടി രൂപ വീതം ഏത് വർഷം മുതൽ ലഭ്യമായെന്ന് വ്യക്തമാക്കാമോ ;

(ഡി) ഇപ്രകാരം ലഭിച്ചിട്ടുള്ള തുക ഗ്രാന്റായിട്ടാണോ വായ്പയായിട്ടാണോ ലഭിച്ചിട്ടുള്ളത് ; വായ്പയായിട്ടാണെങ്കിൽ എത്ര ശതമാനം പലിശയാണ് നൽകുന്നതെന്ന് വ്യക്തമാക്കാമോ ;

(ഇ) ഇതിന്റെ തിരിച്ചടവ് ആരംഭിച്ചിട്ടുണ്ടോ ; എങ്കിൽ എത്ര വർഷം കൊണ്ട് തിരിച്ചടവ് പൂർത്തിയാകുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഇല്ല. എന്നാൽ പൊതുജനപങ്കാളിത്തത്തോടെ ഗ്രാമപ്രദേശങ്ങളിൽ ലോകബാങ്ക് സഹായത്തോടെ നടപ്പാക്കുന്ന ഒരു പദ്ധതിക്കും, 1997 - ൽ ഇൻഡ്യാ ഗവൺമെന്റും ഒ.ഇ.സി.എഫ്. ജപ്പാനും തമ്മിലുണ്ടാക്കിയ ഒരു കരാറിന്റെ അടിസ്ഥാനത്തിൽ 5 പദ്ധതികൾ ഉൾപ്പെട്ട "കേരള വാട്ടർ സപ്ലൈ പ്രോജക്ടിനും" അധികം താമസിയാതെ വിദേശ സഹായം ലഭിക്കുന്നതാണ്.

(ബി) ലോകബാങ്ക് സഹായം ലഭിച്ചത് സംസ്ഥാനത്തിലെ 7 ശുദ്ധജല വിതരണ പദ്ധതികൾക്കാണ്. അവ പുത്തൻകുരിശ്, വിശാലകൊച്ചി വികസന അതോറിറ്റി, കോട്ടയം, കൊല്ലം, അടൂർ, ചിതറ, വിളപ്പിൽ എന്നിവയാണ്. ഇവയുടെ ലോകബാങ്ക് സഹായം 31-3-1994 - ൽ അവസാനിച്ചു.

നെതർലാന്റ് - സഹായത്തോടെയുള്ള പദ്ധതികൾ വക്കം-അഞ്ചുതെങ്ങ്, നാട്ടിക ഫർക്ക, കുണ്ടറ, കോയിപ്പുറം, ചെറിയനാട്, തൃക്കുന്നപ്പുഴ, മാള നാട്ടിക, പാവറട്ടി എന്നിവയാണ്. ഇവയിൽ കുണ്ടറ, പാവറട്ടിയും ഒഴികെയുള്ള പദ്ധതികളെല്ലാം പൂർത്തിയാക്കി ശുദ്ധജലവിതരണം നടത്തി വരുന്നു. ഡെൻമാർക്ക്- സഹായത്തോടെയുള്ള പദ്ധതികൾ കൊളച്ചേരി, എടപ്പാൾ, ചിക്കോട് എന്നിവയാണ്.

(സി) ലോകബാങ്ക് പദ്ധതികൾക്കായി 31-3-1994 വരെ 63.15 കോടി രൂപ ലഭിച്ചിട്ടുണ്ട്. 1982 മുതൽ നാളിതുവരെ നെതർലാന്റ് ഗവൺമെന്റിൽ നിന്നും 78.66 കോടി രൂപയും ഡാനിഡ ഗവൺമെന്റിൽ നിന്നും 1987 മുതൽ 31-3-1996 വരെ 34.58 കോടി രൂപയും ധനസഹായമായി കിട്ടിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) നെതർലാന്റ്, ഡാനിഡ എന്നി രാജ്യങ്ങളിൽ നിന്നും ലഭിച്ച തുക ഗ്രാന്റാണ്. ലോക ബാങ്കിൽ നിന്നും ലഭിച്ച 63.15 കോടി രൂപ വായ്പയാണ്. ഈ വായ്പയ്ക്ക് കേന്ദ്ര സർക്കാർ നല്കേണ്ട പലിശനിരക്ക് 2025 ജൂലായ് ഒന്നു വരെ 0.5 ശതമാനവും അതിനുശേഷം 1.5 ശതമാനവുമാണ്. കൂടാതെ പ്രതിവർഷം 0.75 ശതമാനം പലിശനിരക്കിൽ "സർവീസ്സ് ചാർജ്ജും" അടയ്ക്കേണ്ടതാണ്. ഓരോ അർദ്ധ വർഷവും അടച്ച് തീർത്തത് കഴിച്ചുള്ള തുകയ്ക്കാണ് പലിശ കണക്കാക്കുന്നത്.

(ഇ) ലോകബാങ്ക് വായ്പയുടെ തിരിച്ചടവ് ആരംഭിച്ചിട്ടില്ല. 1996 ജനുവരി ഒന്ന് മുതൽ അർദ്ധ വാർഷിക തവണകളായി അടച്ച് 2035 ജൂലൈ ഒന്നിന് തീർക്കണമെന്നായിരുന്നു വ്യവസ്ഥ. പലിശ തിരിച്ചടക്കേണ്ട സമയം 5 വർഷം കൂടി നീട്ടിയിട്ടുണ്ട്. (2001 ജനുവരി ഒന്നുമുതൽ വായ്പ തിരിച്ചടക്കണം). വായ്പ തിരിച്ചടയ്ക്കേണ്ടത് കേന്ദ്രസർക്കാരാണ്.

ഒ.ഇ.സി.എഫ്. ന്റെ ധനസഹായത്തോടെ നടപ്പാക്കുന്ന ശുദ്ധജലവിതരണ പദ്ധതികൾ

19(922) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. എ. കെ. മണി :
ശ്രീ. കെ.സി. വേണുഗോപാൽ :
ശ്രീ. കെ. മുഹമ്മദാലി :
ശ്രീമതി രാധാരാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒ.ഇ.സി.എഫ്- ന്റെ ധനസഹായത്തോടെ നടപ്പാക്കുന്ന ശുദ്ധജല വിതരണ പദ്ധതികളുടെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ ;

(ബി) കൺസൾട്ടന്റിന്റെ നിയമനം സംബന്ധിച്ച തർക്കം പരിഹരിക്കപ്പെട്ടോ എന്ന് വെളിപ്പെടുത്താമോ ; പരിഹരിക്കപ്പെട്ടെങ്കിൽ അത് ഏത് വിധത്തിലായിരുന്നു എന്നറിയിക്കുമോ ;

(സി) കോടതി ഇക്കാര്യത്തിൽ വിധി പ്രസ്താവിച്ചിട്ടുണ്ടോ ; എങ്കിൽ വിശദ വിവരം നൽകാമോ ;

(ഡി) രണ്ട് ജപ്പാൻ കമ്പനികളെ ലിസ്റ്റിൽ ഉൾപ്പെടുത്തിയത് സംബന്ധിച്ച് ആർക്കെങ്കിലുമെതിരെ നടപടി എടുത്തിട്ടുണ്ടോ ;

(ഇ) ടെന്റർ കമ്മിറ്റി ശുപാർശ ചെയ്ത ഷോർട്ട് ലിസ്റ്റിൽ എത്ര കമ്പനികളെയാണ് ഉൾപ്പെടുത്തിയിരുന്നത് ;

(എഫ്) ആദ്യം ഒ.ഇ.സി.എഫ്. -ന് സമർപ്പിച്ച ലിസ്റ്റിൽ ഉൾപ്പെടുത്തിയ മോണ്ട് ഗോമറി വാട്സൽ എന്ന കമ്പനിക്ക് വേണ്ടി രേഖകൾ സമർപ്പിച്ച കേരളത്തിലെ ഏജന്റ് ആരാണെന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly